# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2362 | 08.05.2017 -ൽ മറുപടിയ്ക്ക്

### സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പ്

**ചോദ്യം**

ശ്രീമതി. വീണാ ജോർജ്ജ് :

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് പഠനം നടത്തുവാൻ രൂപീകരിച്ച സമിതിയുടെ പ്രവർത്തനം തുടങ്ങിയോയെന്ന് വ്യക്തമാക്കുമോ; | (എ) | സ്വാശ്രയ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 04.02.2017 തീയതിയിലെ സ.ഉ. (എം.എസ്) നം.37/2017/ഉവിവ ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ.കെ. ദിനേശൻ ചെയർമാനും ഡോ. കെ.കെ. എൻ.കുറുപ്പ്, ഡോ. ആർ.വി.ജി. മേനോൻ എന്നിവർ അംഗങ്ങളുമായി ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. കമ്മീഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സമിതിയ്ക്ക്, ശിപാർശകൾ സർക്കാരിന് സമർപ്പിക്കുന്നതിന് സമയം നിഷ്കർഷിച്ച് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കമ്മീഷൻ 4 മാസത്തിനുള്ളിൽ സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. |
| (സി) | നിലവിലുള്ള സ്ഥിതിയിൽ മാറ്റം വരുത്തുമ്പോൾ ഇത്തരം കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ഭാവി സംബന്ധിച്ച ആശങ്കകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) | സ്വാശ്രയ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്ന കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ടി വിഷയങ്ങളിൽ ഉചിതമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | പുതിയ അഡ്മിഷൻ സംബന്ധിച്ച് ഉടൻ തീരുമാനം ഉണ്ടാകുമോ? | | |

സെക്ഷൻ ഓഫീസർ